പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 956 11.06.2014 ലെ മറുപടിയ്ക്ക്

## ബേക്കൽ ടൂറിസം പദ്ധതി വികസനം

| ചോദ്യം<br>ശ്രീ. കെ.കുഞ്ഞിരാമൻ (ഉദുമ) | | ഉത്തരം<br>ശ്രീ. എ.പി.അനിൽ കുമാർ<br>ബഹു. പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി | |
|---|---|---|---|
| എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ബേക്കൽ ടൂറിസം പദ്ധതി വികസനവുമായി ബന്ധപ്പെട്ട എന്തെങ്കിലും പുതിയ പദ്ധതി ആരംഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ ; | (എ യും ബി യും) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ബേക്കൽ ടൂറിസം പദ്ധതി വികസനവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.<br><br>1. കൾച്ചറൽ സെന്റർ -<br>പള്ളിക്കര പഞ്ചായത്തിലെ പനയാൽ വില്ലേജിൽ തച്ചങ്ങാട് സാംസ്കാരിക സമുച്ചയം നിർമ്മിക്കുന്നതിന് 90 സെന്റ് സ്ഥലത്തിന് റവന്യൂ വകുപ്പിൽ നിന്നും ടൂറിസം വകുപ്പിന് ഉപയോഗാനുമതി ലഭിച്ചു. ഇവിടെ സാംസ്കാരിക സമുച്ചയം സ്ഥാപിക്കുന്നതിനായുള്ള ഡിസൈനും ഡ്രോയിംഗും തയ്യാറാക്കി. നിർമ്മാണ പ്രവർത്തി ടെണ്ടർ ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>2. സൗത്ത് ബീച്ച് പാർക്കിന്റെ നവീകരണം -<br>ബേക്കൽ ബീച്ച് പാർക്കിലെ സുനാമി പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിച്ച പാർക്കിന്റെ നവീകരണ പ്രവർത്തനം ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.<br><br>3. ഹൗസ് ബോട്ടുകളുടെ നവീകരണം -<br>കോട്ടപ്പുറത്ത് സർവ്വീസ് നടത്തിക്കൊണ്ടിരിക്കുന്ന 2 ഹൗസ് ബോട്ടുകളുടെ അറ്റകുറ്റപണികൾക്കായി 28.5 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഈ പ്രവർത്തി ടെണ്ടർ ചെയ്യുന്നതിനായി കിറ്റ്കോയെ |
| ബി) | ഈ പദ്ധതികളുടെ ഓരോന്നിന്റെയും നിലവിലുള്ള സ്ഥിതി എന്താണെന്ന് വിശദമാക്കാമോ? | | |

| | | | |
|---|---|---|---|
| | | | ചുമതലപ്പെടുത്തിയെങ്കിലും നിരക്ക് വളരെ കൂടുതലായതിനാൽ ടെണ്ടർ കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിച്ചിരിക്കുകയാണ്.<br><br>4. പുതിയ ഹൗസ് ബോട്ടുകളുടെ വാങ്ങൽ<br>കോട്ടപ്പുറത്ത് സർവ്വീസ് നടത്തിക്കൊണ്ടിരിക്കുന്ന 2 ഹൗസ് ബോട്ടുകളുടെ കൂടെ അത്യാധുനിക സൗകര്യങ്ങളോടു കൂടിയ 3 പുതിയ ഹൗസ് ബോട്ടുകൾ വാങ്ങുന്നതിന് 138 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഈ പ്രവർത്തിക്ക് ലഭിച്ച ടെണ്ടർ നിരക്ക് ഉയർന്നതാകയാൽ ടെണ്ടർ കമ്മിറ്റിയുടെ പരിഗണനയിലാണ്.<br><br>5. ബി.ആർ.ഡി.സി. കുടിവെള്ള പദ്ധതിയുടെ അറ്റകുറ്റ പണികൾ - ബേക്കൽ പദ്ധതി പ്രദേശത്തെ കുടിവെള്ളപ്രശ്ന പരിഹാരത്തിനായി ബി.ആർ.ഡി.സി. 7.4 mld ശേഷിയുള്ള വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുകയുണ്ടായി. ഈ പ്ലാന്റിന്റെയും അനുബന്ധ ടാങ്കുകളുടെയും അറ്റകുറ്റ പണികൾക്കായി 1 കോടി രൂപ അനുവദിച്ചിട്ടുണ്ട്. പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.<br><br>6. ഗ്രീൻ ടൂറിസം സർക്യൂട്ട് പ്രോജക്ട് - കോട്ടയം - ഈ പദ്ധതി നടപ്പിലാക്കുന്നതിനായി ബി.ആർ.ഡി.സി.യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയ്ക്കായി കോട്ടയം ജില്ലയിലെ പാലായിൽ ഒരു പ്രോജക്ട് ഓഫീസ് പ്രവർത്തനം തുടങ്ങി. കിറ്റ്കോ വഴി നടപ്പിലാക്കുന്ന ഈ പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി 1 കോടി രൂപ ബി.ആർ.ഡി.സി.ക്ക് ലഭ്യമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ